July 30, 2026

The Manager, Listing Department, BSE Limited, Phiroze Jeejeebhoy Towers, Dalal Street, Mumbai- 400 001	The Manager, Listing Department, National Stock Exchange of India Limited Exchange Plaza, 5th Floor, Plot No. C/1, G Block, Bandra-Kurla Complex, Bandra-East, Mumbai- 400 051
Scrip Code: 532953	Symbol: VGUARD

Dear Sir/Madam,

Sub: Submission of newspaper publication of unaudited Standalone and Consolidated Financial Results for the Quarter ended June 30, 2026.

Pursuant to Regulation 47 of SEBI (Listing Obligations and Disclosure Requirements) Regulations, 2015, we are enclosing herewith the unaudited Standalone and Consolidated Financial Results of the Company for the Quarter ended June 30, 2026, published in 'The Hindu Businessline' (English) & 'Deepika' (Malayalam) on July 30, 2026.

The unaudited Standalone and Consolidated Financial Results for the Quarter ended June 30, 2026, are available in the Company's website, https://www.vguard.in/uploads/investor_relations/Financial-results-2026.pdf .

We request you to kindly take the above information on record.

Thanking You,

Yours Sincerely,

For V-Guard Industries Limited

Vikas Kumar Tak

Digitally signed by Vikas Kumar Tak
Date: 2026.07.30 11:24:00 +05'30'

V-GUARD INDUSTRIES LTD. DOOR NO. 42/962, VENNALA HIGH SCHOOL ROAD
VENNALA KOCHI-682028

Vikas Kumar Tak
Company Secretary & Compliance Officer
Membership No. FCS 6618
Encl: As above

M&M to sell ₹2,989 cr truck and bus division to SML Mahindra for ₹525 cr

BIZ REJIG. Transaction to be completed by January next, will create a unified commercial vehicle company

Amit Vijay Mohile
Mumbai

Mahindra & Mahindra (M&M) on Wednesday said the board of SML Mahindra has approved the acquisition of its Mahindra Truck and Bus Division (MTBD) for ₹525 crore through a slump sale, completing the group's plan to consolidate its truck and bus operations under a single listed entity.

KEY MOVE. The combination gives Mahindra a 26.6% share of the intermediate light commercial vehicle market PAUL NORONHA

UNIFIED STRUCTURE

The transaction, expected to be completed by January 2027, will create a unified commercial vehicle business spanning light, intermediate and heavy trucks as well as buses. MTBD generated revenue of ₹2,989 crore in FY26 — slightly more than SML Mahindra's ₹2,838 crore, making the acquisition transformative for the listed company even though the division accounted for only about 2 per cent of M&M's revenue.

"The transaction simplifies Mahindra Group's commercial vehicle business structure by consolidating truck and bus operations under SML Mahindra, creating a single focused entity dedicated to growth and leadership in the commercial vehicle sector," said Anish Shah, Group CEO and Managing Director, Mahindra Group.

Rajesh Jejurikar, Executive Director and CEO, Auto and Farm Sector, M&M, said the combination would "unlock synergies across operations, technology and customer-facing functions" while preserving the heritage and market positioning of the two brands.

Vinod Sahay, Executive Chairman of SML Mahindra, called the acquisition "a transformative step" that would create a stronger commercial vehicle platform with greater scale, wider market coverage and a more comprehensive product portfolio.

SML Mahindra will acquire MTBD as a going concern. Manufacturing of Mahindra-branded trucks and buses will, however, continue to be undertaken by M&M under a contract-manufacturing arrangement, ensuring continuity of production and supply.

On a simple pro-forma basis, the two businesses generated combined FY26 revenue of about ₹5,827 crore before inter-company eliminations and other adjustments.

Analysts examining the original SML acquisition had described the combination as strategically positive but execution-intensive. ICICI Securities said it could fill gaps in Mahindra's commercial vehicle portfolio and generate synergies across sourcing, manufacturing, platforms and distribution.

Nomura said SML's bus-building capabilities, CNG and electric-vehicle portfolio and customer base strengthened Mahindra's "right to win", although it termed the company's market-share and profitability targets ambitious.

Nirmal Bang said that SML brought relationships with school, corporate and institutional bus operators, while M&M contributed telematics, modern cabins, a wider service network and greater purchasing power.

Emkay Global, however, said the original acquisition's immediate financial impact on M&M would remain limited.

ROAD AHEAD

The combination gives Mahindra a 26.6 per cent share of the ILCV bus market, where it was the second-largest player in Q1FY27. Its share of the broader above-3.5-tonne commercial vehicle market, however, remains about 6 per cent, leaving a substantial gap with Tata Motors and Ashok Leyland.

Mahindra also aims to increase this share to 10-12 per cent by FY31 and more than 20 per cent by FY36.

India business recorded high single-digit growth in June quarter says Reckitt

Meenakshi Verma Ambwani
New Delhi

Reckitt, maker of brands such as Dettol and Harpic, on Wednesday said its India business recorded high single-digit-growth in the June quarter.

The consumer products major, that released its Q2 CY 2026 earnings, said it has also grown its distribution with "double-digit increase" in terms of towns covered in India.

On the earnings call, Kris Licht, Global Chief Executive Officer, Reckitt said, "India continues to perform very strongly, with consistent growth across each of our categories, driven by our loved and trusted power brands, and activated through increasingly smart distribution."

"When we think about penetration, this is being delivered by our enhanced execution in markets like India and China through very different consumer engagement strategies... offline-led in India and online-led in China. The learnings and the best practices from these markets are being taken into other markets today," he noted.

India's growth in the June quarter was led by germ protection, intimate wellness and household care categories

EXPANDED COVERAGE

The company said India's growth in the June quarter was led by germ protection, intimate wellness and household care categories. It added that "execution was further enhanced by our ongoing sales transformation driving expanded coverage and improved in-store execution.

It added that in India, germ protection brand Dettol's performance was supported by expanded distribution reach and improved in-store execution in June quarter.

Talking about the H1 performance, the company noted that growth was led by double-digit growth in China and India, alongside positive contributions from Asean and LATAM and a stabilised performance in West Asia.

BROAD-BASED GROWTH

"In India, enhanced sales force automation increased distribution reach through a double-digit increase in towns covered and improved in-store execution," the earnings statement noted.

On future outlook, Reckitt said that "in emerging markets we expect H2 performance to be similar to H1, with a continuation of broad-based growth across regions alongside India and China."

Anicut Capital launches ₹175 crore equity Grand Anicut Seed Fund

Our Bureau
Chennai

Multi-asset alternative investment firm Anicut Capital has announced the launch of its ₹175 crore Grand Anicut Seed Fund (GASF). The fund, which included a greenshoe option of ₹75 crore, will focus on pre-seed to series A investments across deep-tech, enterprise-tech, consumer and financial services start-ups.

The firm plans to invest in over 20 start-ups with ticket sizes in the range of ₹5 to 8 crore. This is Anicut's second fund for early-stage investments.

businessline had reported the company is in the process of raising four funds with a combined target corpus of about ₹3,000 crore, which will include three equity-focused and one private credit fund. Anicut said it is targeting a first close of GASF soon, with a mix of limited partners, including institutional investors, HNIs, domestic and foreign family offices. It has started deploying some of the capital and closed three deals.

RPG Life Sciences plans to launch semaglutide, acquire a manufacturing unit amid rising input costs

PT Jyothi Datta
Mumbai

In a challenging environment, RPG Life Sciences has had discussions with 13 of its international customers to help absorb escalating input costs, and that has reflected in its financial performance in the first three months of the quarter (Q1 FY27), said Ashok Nair, RPGLS Managing Director, even as he outlined plans to acquire a manufacturing facility, besides launching weight loss and diabetes drug semaglutide.

"We have started FY27 on a strong footing with a 16 per cent revenue growth and an 18 per cent EBITDA growth, helping improve EBITDA margin from 24.1 to 24.5 per cent this quarter, while also expanding margins despite the challenging external environment," Nair said.

With global uncertainity and rising input costs continuing to be a challenge, he said, "We are in discussions with key global customers to pass the price through. And as of date, 13 customers have already agreed. We've been able to expand margins by proactive actions."

SEMAGLUTIDE WAVE

Outlining plans for growth, Nair said they are scouting for a manufacturing facility in India, and were willing to spend between ₹700 and ₹1,000 crore. "We are looking for assets... which can strengthen our presence in nephrology, rheumatology, where we are already strong," he said, adding it could be an active pharmaceutical ingredients or formulations facility.

Plans are also afoot to be part of the second wave of semaglutide launches, he said. "What makes this category so powerful is, it's not a single indication story anymore. It's becoming a platform for chronic metabolic care. And it has got the potential to influence treatment strategies across multiple business areas," he added.

J&K Bank Q1 net profit rises to ₹424 crore

Gulzar Bhat
Srinagar

Jammu & Kashmir Bank reported a net profit of ₹424.18 crore for the quarter ended June 30, 2026, as advances and deposits grew strongly, while higher funding costs and weak low-cost deposit mobilisation weighed on margins. The bank's advances rose 25 per cent year-on-year to ₹1.31 lakh crore, while deposits increased 17 per cent to ₹1.73 lakh crore.

Total business crossed the ₹3 lakh crore milestone, rising more than 20 per cent to ₹3.04 lakh crore. Net interest income rose 2 per cent to ₹1,497 crore from ₹1,465 crore a year earlier, while net interest margin stood at 3.28 per cent. Operating profit increased 4.5 per cent year-on-year to ₹703 crore. The cost-to-income ratio improved to 58.90 per cent from 60.75 per cent, while yield on advances rose sequentially to 8.56 per cent. The provision coverage ratio stood at 90.53 per cent, compared with 90.09 per cent a year earlier.

എംജി സർവകലാശാല എംഎസ് സി കംപ്യൂട്ടർ സയൻസ് പരീക്ഷയിൽ മൂന്നാം റാങ്ക് നേടിയ പത്തനംതിട്ട കോന്നി എസ്എഐ എസ് എസ്എൻ ഡിപി യോഗം കോളജിലെ എം. അഭിൻ. ആറന്മുള വല്ലന കണിയാംപറമ്പിൽ മനോജ് - ബിന്ദു മനോജ് ദമ്പതികളുടെ മകനാണ്.

ബിജെപി ഫണ്ട് ആരോപണം

നേതൃത്വത്തിന്റെ വിരട്ടലിൽ ഗ്രൂപ്പ് നേതാക്കൾ വീണു, നടപടിയൊന്നുമില്ല

ജോൺസൺ വേങ്ങത്തടം

തിരുവനന്തപുരം: തെരഞ്ഞെടുപ്പ് ഫണ്ട് തട്ടിപ്പ് സംബന്ധിച്ചു സംസ്ഥാന നേതാക്കൾ പരസ്യ പ്രസ്താവന നടത്തരുതെന്നും അഖിലേന്ത്യാനേതൃത്വം ഇടപെട്ടുമെന്നുള്ള സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖറിന്റെ വിരട്ടൽ ഏറ്റതോടെ ഫണ്ട് തട്ടിപ്പിനെതിരേ ശക്തമായി സംസാരിക്കാതെ സംസ്ഥാന നേതൃയോഗം സമാപിച്ചു. യോഗത്തിൽ നുമുമ്പു സംസ്ഥാന പ്രസിഡന്റും വി. മുരളീധരൻ ഗ്രൂപ്പും ചർച്ച നടത്തി സമവായത്തിലെത്തുകയായിരുന്നു.

കേരളഘടകത്തിൽ പ്രശ്നമുണ്ടെന്നു വരുത്തിത്തീർത്താൽ കേന്ദ്രനേതൃത്വം ഇടപെട്ടു പുനഃക്രമീകരണം നടത്തുമെന്ന സൂചനയാണ് സംസ്ഥാന പ്രസിഡന്റ് നൽകിയത്. ഇതോടെ ഫണ്ട് തട്ടിപ്പ് എന്ന കാര്യം പോലും പറയാൻ സംസ്ഥാന നേതൃയോഗത്തിൽ ഭൂരിപക്ഷവും തയാറായില്ല. അടുത്ത് ലോക്സഭാ തെരഞ്ഞെടുപ്പുവരെ സംസ്ഥാന പ്രസിഡന്റിന്റെ കസേരയ്ക്ക് ഇളക്കം തട്ടില്ലെന്ന സൂചനനല്കാനും രാജീവ് ചന്ദ്രശേഖർ തയാറായതോടെ ഗ്രൂപ്പുകൾ നിശബ്ദത പാലിക്കുകയായിരുന്നു.

നിയമസഭാ തെരഞ്ഞെടുപ്പ് ഫണ്ട് ക്രമക്കേട് ആരോപണങ്ങൾ നിഷേധിക്കാനും അതുമായി ബന്ധപ്പെട്ട പരസ്യ പ്രതികരണങ്ങൾ ഒഴിവാക്കാനും ബിജെപി നേതൃയോഗത്തിൽ അങ്ങനെ തീരുമാനമായി.

സംസ്ഥാന വൈസ് പ്രസിഡന്റുമാരും ജനറൽ സെക്രട്ടറിമാരും കോർ കമ്മിറ്റി അംഗങ്ങളും പങ്കെടുത്ത യോഗത്തിലാണ് ഈ തീരുമാനം. തെരഞ്ഞെടുപ്പ് ഫണ്ട് ക്രമക്കേട് ആരോപണം മാധ്യമങ്ങളുടെ സൃഷ്ടിയാണെന്നും അത്തരം സംഘടിത ആക്രമണങ്ങളെ തള്ളിക്കളയണമെന്നും യോഗത്തിൽ അഭിപ്രായമുയർന്നു. ഫണ്ട് ക്രമക്കേടുമായി ബന്ധപ്പെട്ട് സംസ്ഥാന നേതാക്കൾ പരസ്യ പ്രതികരണം നടത്തരുതെന്ന നിർദേശവും യോഗത്തിൽ അംഗീകരിക്കപ്പെട്ടു.

നിയമസഭാ തെരഞ്ഞെടുപ്പിൽ മൂന്ന് മണ്ഡലങ്ങളിലുണ്ടായ മുന്നേറ്റം നിലനിർത്തി ലോക്സഭാ തെരഞ്ഞെടുപ്പിൽ വോട്ടുവിഹിതം വർധിപ്പിക്കാനാണ് പാർട്ടി ലക്ഷ്യമിടുന്നത്.

ഹർജിയുമായി വീണ്ടും അൻസിബ

കൊച്ചി: ഓൺ ലൈൻ ചാനലിലൂടെ നടി ലക്ഷ്മിപ്രിയ തനിക്കെതിരെ അശ്ലീല പരാമർശങ്ങൾ നടത്തുകയും സ്ത്രീത്വത്തെ അപകീർത്തിപ്പെടുത്തുകയും ചെയ്തെന്ന പരാതിയിൽ എഫ്ഐആർ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് നടി അൻസിബ ഹസൻ ഹൈക്കോടതിയിൽ ഹർജി നൽകി. ക്രിമിനൽ കേസെടുക്കാനുള്ള ആവശ്യം അനുവദിക്കാതെ മാനനഷ്ടത്തിന് കേസെടുക്കാമെന്ന എറണാകുളം മജിസ്ട്രേറ്റ് കോടതി ഉത്തരവിനെതിരെയാണ് ഹർജി. ചാനൽ വീണ്ടും പരിശീലിച്ച് എഫ്ഐആർ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താൻ ഉത്തരവിടാൻ നിർദേശിക്കണമെന്നാണ് ആവശ്യം.

ലക്ഷ്മിപ്രിയയ്ക്കും ചാനൽ പ്രവർത്തകർക്കുമെതിരെ നടപടി ആവശ്യപ്പെട്ട് ജൂൺ 26ന് അൻസിബ പാലാരിവട്ടം സ്റ്റേഷനിൽ പരാതി നൽകിയെങ്കിലും ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യാൻ കാരണമില്ലെന്നായിരുന്നു നിലപാട്. സിറ്റി പോലീസ് കമ്മീഷണർക്ക് പരാതി നൽകിയിട്ടും നടപടിയുണ്ടായില്ല. തുടർന്നാണ് എറണാകുളം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് കോടതിയെ സമീപിച്ചത്. ക്രിമിനൽ കേസ് നിലനിൽക്കില്ലെന്നും മാനനഷ്ടത്തിന് കോടതിയിൽ അപേക്ഷ നൽകാമെന്നുമുള്ള പോലീസ് റിപ്പോർട്ട് അംഗീകരിച്ചാണ് മജിസ്ട്രേറ്റ് കോടതി ആവശ്യം തള്ളിയതെന്നും ഉത്തരവ് നിയമവിരുദ്ധവും സുപ്രീം കോടതി വിധികളുടെ ലംഘനമാണെന്നും ഹർജിയിൽ പറയുന്നു.

ശ്വേതയുടെ ഹർജി: അൻസിബയുടെ അപേക്ഷയിൽ വാദം പൂർത്തിയായി

കൊച്ചി: താരസംഘടനയായ അമ്മയുടെ താൽക്കാലിക ഭരണം അഡ്ഹോക് കമ്മിറ്റിയെ ഏൽപ്പിച്ചതിനെതിരെ നടി ശ്വേത മേനോൻ നൽകിയ ഹർജിയിൽ കക്ഷിചേരാനുള്ള നടി അൻസിബ ഹസന്റെ അപേക്ഷയിൽ വാദം പൂർത്തിയായി.

അഡ്ഹോക് കമ്മിറ്റി പ്രവർത്തനം തടഞ്ഞ കോടതി ഉത്തരവ് പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ട് നൽകിയിട്ടുള്ള അപേക്ഷയാണ് എറണാകുളം മുൻസിഫ് കോടതി പരിഗണിച്ചത്. അൻസിബയുടെ അപേക്ഷയിൽ വിധി പറയാനായി കേസ് ഓഗസ്റ്റ് 11ലേക്ക് മാറ്റി. അതേസമയം അൻസിബയുടെ അപേക്ഷ അനുവദിക്കുന്നതിനെ ഇന്നലെ കോടതിയിൽ നേരിട്ടെത്തിയ ശ്വേത എതിർത്തു. ശ്വേതയുടെ ഹർജിയിൽ രമേശ് പിഷാരടിയുടെ നേതൃത്വത്തിലുള്ള അഡ്ഹോക് കമ്മിറ്റിയുടെ പ്രവർത്തനം കോടതി തടഞ്ഞിരിക്കുകയാണ്.

ബാബറി മസ്ജിദ് തകർക്കാൻ പാടില്ലായിരുന്നുവെന്ന് പറയുന്നത് ദേശവിരുദ്ധമല്ല: ബോംബെ ഹൈക്കോടതി

മുംബൈ: ബാബറി മസ്ജിദ് തകർക്കാൻ പാടില്ലായിരുന്നുവെന്ന് പറയുന്നത് ദേശവിരുദ്ധമല്ലെന്ന് ബോംബെ ഹൈക്കോടതി. എസ്ഡിപിഐ പ്രവർത്തകരെ നാടുകടത്തിയ പോലീസ് നടപടി റദ്ദാക്കിയായിരുന്നു കോടതിയുടെ പരാമർശം. ഹർജിക്കാരുടെ മതം പോലീസ് നടപടിക്കു പ്രേരണയായെന്ന് കരുതുന്നതായും ജസ്റ്റീസ് മാധവ് ജാംദറിന്റെ ബെഞ്ച് പറഞ്ഞു. എസ്ഡിപിഐ പ്രവർത്തകരായ ഫിറോസ് അബ്ദുൾ വഹാബ് ഖാൻ, മുഹമ്മദ് റഫീഖ് ഗുലാം റസൂൽ അൻസാരി എന്നിവരെ നാടുകടത്തിയ നടപടി കോടതി റദ്ദാക്കി.

2025 ഡിസംബറിൽ ഇരുവരെയും മുംബൈയിൽനിന്ന് ഒരു വർഷത്തേക്കാണു പോലീസ് നാടുകടത്തിയത്. വഖഫ് ബിൽ, സിമന്റ് ഗോഡൗണുകൾ മുലമുണ്ടാകുന്ന വായു മലിനീകരണം, ബാബറി മസ്ജിദ് പ്രശ്നം എന്നിവയുമായി ബന്ധപ്പെട്ട പ്രതിഷേധങ്ങളിൽ പങ്കെടുത്തതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസിലായിരുന്നു പോലീസ് നടപടി. മറ്റ് രാഷ്ട്രീയ പാർട്ടികളിലെ പ്രവർത്തകരും ഇതേ പ്രകടനത്തിൽ പങ്കെടുത്തിരുന്നെങ്കിലും ഇവർക്കെതിരേ മാത്രം നടപടിയെടുത്തതിനെ കോടതി വിമർശിച്ചു.

ഒരു പ്രത്യേക മതവിഭാഗത്തിൽപ്പെട്ടതുകൊണ്ടാണോ ഇവർക്കെതിരേ മാത്രം നടപടിയെടുത്തതെന്നും കോടതി പോലീസിനോട് ആരാഞ്ഞു. എഫ്ഐആറിൽ മുദ്രാവാക്യം വിളിച്ചതായി മാത്രമേ പറയുന്നുള്ളൂ. വ്യക്തികൾക്കോ പൊതു സ്വത്തിനോ നാശനഷ്ടങ്ങളുണ്ടായതായി സൂചിപ്പിക്കുന്നില്ലെന്നും കോടതി ചൂണ്ടിക്കാട്ടി. ഊഹാപോഹങ്ങളുടെ അടിസ്ഥാനത്തിൽ മൗലികാവകാശങ്ങൾ പരിമിതപ്പെടുത്താൻ കഴിയില്ലെന്നും കോടതി കൂട്ടിച്ചേർത്തു.

ഓണം വിപണിയിൽ സർക്കാർ ഇടപെടൽ ശക്തമാക്കുമെന്നു മുഖ്യമന്ത്രി

തിരുവനന്തപുരം: വിലക്കയറ്റം നിയന്ത്രിക്കാൻ ഓണം വിപണിയിൽ സർക്കാർ ഇടപെടൽ ശക്തമാക്കുമെന്നു മുഖ്യമന്ത്രി വി.ഡി. സതീശൻ. വിപണിയിലെ സജീവ ഇടപെടലിനായി 448 കോടി രൂപ അനുവദിച്ചു. വിപണി ഇടപെടലിന് 273 കോടിയും നെല്ല് സംഭരണ ബോണസായി 154 കോടിയും അനുവദിച്ചു.

ഓണം മെട്രോ ഫെയർ പ്രധാനപ്പെട്ട ഇടങ്ങളിൽ ആരംഭിക്കും. 126 നിയോജക മണ്ഡലങ്ങളിൽ ഓണം മാർക്കറ്റുകളും തുടങ്ങും. 1.65 ലക്ഷം മെട്രിക് ടൺ അരിയും ഗോതമ്പും എത്തിക്കും. എപിഎൽ വിഭാഗത്തിന് 10.90 രൂപ നിരക്കിൽ 3 കിലോ അരിയും 8.70 രൂപ നിരക്കിൽ 2 കിലോ ഗോതമ്പും നൽകും.

തിരുവിതാംകൂർ ദേവസ്വം വിജിലൻസ് ഉദ്യോഗസ്ഥരുടെ കാലാവധി നീട്ടൽ: സർക്കാരിനോട് നിലപാട് തേടി കോടതി

കൊച്ചി: തിരുവിതാംകൂർ ദേവസ്വം ബോർഡ് വിജിലൻസ് ഉദ്യോഗസ്ഥരുടെ കാലാവധി നീട്ടി നൽകുന്നത് സംബന്ധിച്ച് ഹൈക്കോടതി സർക്കാരിന്റെ നിലപാട് തേടി. ശബരിമല സ്പെഷൽ കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വമേധയാ എടുത്ത ഹർജിയാണ് ജസ്റ്റീസ് വി. രാജ വിജയരാഘവൻ, ജസ്റ്റീസ് കെ.വി. ജയകുമാർ എന്നിവരടങ്ങുന്ന ദേവസ്വംബെഞ്ച് പരിഗണിച്ചത്. തുടർന്ന് വിഷയം വീണ്ടും ഓഗസ്റ്റ് 11ന് പരിഗണിക്കാൻ മാറ്റി.

ശബരിമല സ്വർണക്കൊള്ളയിലും വഴിപാട് കൗണ്ടർ ക്രമക്കേടുകളിലും വിജിലിൻസ് റിപ്പോർട്ട് നിർണായകമായിരുന്നു. ഇതുമായി ബന്ധപ്പെട്ട് കോടതി മുമ്പാകെയുള്ള നടപടികൾ തുടരുകയുമാണ്. നിലവിലെ ചീഫ് വിജിലൻസ് ആൻഡ് സെക്യൂരിറ്റി ഓഫീസർ വി. സുനിൽകുമാർ അടക്കമുള്ളവരുടെ സേവനം അടുത്ത സീസണിലും തുടരണമെന്ന നിലപാടാണുള്ളതെന്ന് കോടതി വ്യക്തമാക്കി. അതേസമയം, വിജിലൻസ് ഉദ്യോഗസ്ഥരുടെ കാലാവധി നീട്ടുന്നത് സംബന്ധിച്ച് ദേവസ്വം ബോർഡിന്റെ ശിപാർശ ആഭ്യന്തര വകുപ്പിന് ലഭിച്ചിട്ടില്ലെന്ന് സർക്കാർ വ്യക്തമാക്കി.

വിദ്യാർഥിനിക്ക് നായയുടെ കടിയേറ്റു

മരട്: മരടിൽ തെരുവ് നായയുടെ ആക്രമണത്തിൽ വിദ്യാർഥിനിക്ക് പരിക്കേറ്റു. ഇല്ലത്തിമുറ്റം അപ്പാർട്ട്മെന്റിൽ താമസിക്കുന്ന പ്രിയയുടെ മകൾ നദാനിയ (13)ക്കാണ് പരിക്കേറ്റത്. ഇന്നലെ രാവിലെ 7.30 ഓടെ കുണ്ടന്നൂർ രണ്ടാം ഡിവിഷൻ ചിലവന്നൂർ റോഡ് വാണിശേരി കവലയിൽ വച്ചാണ് ഏഴാം ക്ലാസുകാരിയായ നദാനിയക്ക് നേരേ തെരുവ് നായയുടെ ആക്രമണമുണ്ടായത്. പരിക്കേറ്റ വിദ്യാർഥിനിയ്ക്ക് ആശുപത്രിയിൽ ചികിത്സ നൽകി.

അങ്കമാലിയിൽ പിടിയിലായത് പാലക്കാട് ഹൈവേ കൊള്ള നടത്തിയ സംഘം

ആലുവ: കഴിഞ്ഞ ദിവസം അങ്കമാലി പൂതംകുറ്റിയിൽ പിടിയിലായ അഞ്ചംഗ സംഘം പാലക്കാട് ഹൈവേ റോബറി നടത്തിയവരെന്ന് എറണാകുളം റൂറൽ പോലീസ് ജില്ലാ മേധാവി അറിയിച്ചു. എറണാകുളം ജില്ലയിൽ ദേശീയ പാതയിൽ വാഹനങ്ങൾ തടഞ്ഞു നിർത്തി മോഷണത്തിന് തയാറെടുക്കുമ്പോഴാണ് ഇവർ പിടിയിലായത്.

കഴിഞ്ഞ 23ന് പാലക്കാട് ആലത്തൂർ ദേശീയപാതയിലാണ് ഇവർ മോഷണം നടത്തിയത്. പണവുമായി വരുന്ന വാഹനം തടഞ്ഞുനിർത്തി കവരാനാണ് ഇവർ പുതം കുറ്റിയിൽ ഒത്തുചേർന്നത്. ഇവർ കൊടും കുറ്റവാളികളാണെന്ന് ജില്ലാ മേധാവി കെ.എസ്.സുദർശൻ പറഞ്ഞു.



യോനക്സ് സൺറൈസ് പി.കെ. ഗോപൻ മെമ്മോറിയൽ ഓൾ കേരള സബ് ജൂണിയർ റാങ്കിംഗ് ബാഡ്മിന്റൻ ടൂർണമെന്റ് 2026 കടവന്ത്ര രാജീവ്ഗാന്ധി സ്പോർട്സ് സെന്ററിൽ കെബിഎസ്എ പ്രസിഡന്റ് ഇ.പി. ചിത്രേഷ് ഉദ്ഘാടനം ചെയ്യുന്നു. ശാരി ശ്യാം, വിപിൻ, കെ.കെ.നദീർ, സി.ആർ. രാജീവ്, അഡ്വ. കെ ബി. രാജേഷ്, ഹാരി റാഫേൽ എന്നിവർ സമീപം.

സബ് ജൂണിയർ റാങ്കിംഗ് ബാഡ്മിന്റൺ ടൂർണമെന്റിന് കൊച്ചിയിൽ തുടക്കം

കൊച്ചി: യോനക്സ് സൺറൈസ് പി.കെ. ഗോപൻ മെമ്മോറിയൽ ഓൾ കേരള സബ് ജൂണിയർ റാങ്കിംഗ് ബാഡ്മിന്റൺ ടൂർണമെന്റ് 2026ന് കടവന്ത്ര രാജീവ്ഗാന്ധി സ്പോർട്സ് സെന്ററിൽ തുടക്കമായി. കെബി എസ്എ പ്രസിഡന്റ് ഇ.പി. ചിത്രേഷ് ഉദ്ഘാടനം ചെയ്തു. ഓഗസ്റ്റ് 2 വരെ നടക്കുന്ന ടൂർണമെന്റിൽ 300 ഓളം താരങ്ങളാണ് മത്സരിക്കുന്നത്.

പോലീസ് അസോസിയേഷന്റെ ഘടന മാറ്റുന്നതിനെതിരെ ഹർജി

കൊച്ചി: പോലീസ് അസോസിയേഷനുകളുടെ അംഗത്വ ഘടന മാറ്റാനും പുനഃസംഘടിപ്പിക്കാനും നിർദേശിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് നിയമവിരുദ്ധവും ഭരണഘടനാ വിരുദ്ധവുമാണെന്ന് ചൂണ്ടിക്കാട്ടി ഹൈക്കോടതിയിൽ ഹർജി. ജൂലൈ 27ന് പുറപ്പെടുവിച്ച ഉത്തരവിനെതിരെ കേരള പോലീസ് അസോസിയേഷനാണ് (കെപിഎ) ഹർജി നൽകിയിട്ടുള്ളത്.

കേരള പോലീസ് ഓഫീസേഴ്സ് അസോസിയേഷൻ (കെപിഒഎ) നിർത്തലാക്കാനും സിവിൽ പോലീസ് ഓഫീസർമാർ മുതൽ ഗ്രേഡ് സബ് ഇൻസ്പെക്ടർമാർ വരെ ഉൾപ്പെടുന്ന രീതിയിൽ കെപിഎ പുനഃസംഘടിപ്പിക്കാനുമാണ് സർക്കാർ ഉത്തരവ്. എസ്ഐ മുതൽ എസ്പിവരെയുള്ള ഉദ്യോഗസ്ഥർക്ക് കേരള പോലീസ് സീനിയർ ഓഫീസേഴ്സ് അസോസിയേഷൻ രൂപീകരിക്കാനാണ് നിർദേശിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി നിലവിലെ കമ്മിറ്റികളെ മരവിപ്പിച്ച് അഡ്ഹോക് കമ്മിറ്റികൾ രൂപീകരിക്കണമെന്ന നിർദേശവും ഹർജിയിൽ ചോദ്യം ചെയ്തിട്ടുണ്ട്.

സംഘടന രൂപീകരിക്കാനുള്ള മൗലികാവകാശം ലംഘിക്കുന്നതാണ് സർക്കാർ ഉത്തരവെന്ന് ഹർജിയിൽ പറയുന്നു. ഹർജി തീർപ്പാക്കും വരെ സർക്കാർ ഉത്തരവ് സ്റ്റേ ചെയ്യണമെന്ന ഇടക്കാല ആവശ്യവും ഉന്നയിച്ചിട്ടുണ്ട്. ഹർജി ഇന്ന് പരിഗണിച്ചേക്കും.

12 വയസുകാരിയെ പൂനയിൽ കണ്ടെത്തിയ സംഭവം: യുവാവിനെതിരെ പോക്സോ കേസ് എടുക്കും

ആലുവ: ചെറായിയിലെ ഐസ്ക്രീം വില്പനക്കാരനൊപ്പം 12 വയസുകാരിയെ പൂനയിൽ കണ്ടെത്തിയ സംഭവത്തിൽ പോക്സോ കേസ് എടുക്കുമെന്ന് ജില്ലാ പോലീസ് മേധാവി കെ.എസ്. സുദർശൻ പറഞ്ഞു. ആലുവ വെസ്റ്റ് പോലീസ് സ്റ്റേഷൻ പരിധിയിൽ താമസിക്കുന്ന പെൺകുട്ടി രാത്രിയോടെ അന്വേഷണ സംഘത്തോടൊപ്പം ആലുവയിൽ എത്തുമെന്നും എസ്പി അറിയിച്ചു.

പ്രതിയായ കൊല്ലം ക്ലാപ്പന വരവിള ക്രിസ്ത്യൻതറ വീട്ടിൽ അഭിജിത്തിനെയാണ് കസ്റ്റഡിയിൽ എടുത്തിരിക്കുന്നത്. മറ്റു കുറ്റകൃത്യങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ കൂടുതൽ വകുപ്പുകൾ ചേർക്കുമെന്നും എസ്പി പറഞ്ഞു. ഇവർ തമ്മിൽ പരിചയപ്പെട്ട രീതികളും പരിശോധിക്കും. പെൺകുട്ടിയ്ക്ക് മതിയായ കൗൺസിലിംഗ് കൊടുത്ത ശേഷമാണ് കൂടുതൽ ചോദ്യം ചെയ്യലിന് വിധേയമാക്കുക.

രണ്ടു പേരുടെ കൈയിലും മൊബൈൽ ഫോൺ ഉണ്ടായിരുന്നെങ്കിലും യുവാവിന്റെ ഫോണിലെ ഇൻസ്റ്റാഗ്രാം പോസ്റ്റുകളാണ് ലൊക്കേഷൻ സൈബർ പോലീസിന് നൽകിയത്.

ഇതിന്റെ സഹായത്താലാണ് ഗോവ അടക്കം ലൊക്കേഷനുകൾ കണ്ടെത്താനായത്. നിസാമുദ്ദീൻ ട്രെയിനിൽ കയറിയ ഇവരെ പൂനയിൽ വച്ചാണ് ജനറൽ കംപാർട്ട്മെന്റിൽ നിന്ന് പിടികൂടാനായത്. കുട്ടാകാരിയിൽ നിന്ന് പുസ്തകം വാങ്ങാനെന്ന് പറഞ്ഞാണ് പെൺകുട്ടി ശനിയാഴ്ച വീട് വിട്ടിറങ്ങിയത്.

കണ്ണൂർ ക്രൈംബ്രാഞ്ച് ഡിവൈഎസ്പി പരാതിക്കാരിയോടു മോശമായി പെരുമാറുന്ന ദൃശ്യങ്ങൾ പുറത്ത്

കണ്ണൂർ: കണ്ണൂർ ക്രൈംബ്രാഞ്ച് ഡിവൈഎസ്പി ശ്രീജിത്ത് കൊടേരി കണ്ണൂർ ടൗൺ എസ്എച്ച്ഒ ആയിരിക്കേ പരാതിക്കാരിയോടു മോശമായി പെരുമാറുന്നതിന്റെ വീഡിയോ ദൃശ്യങ്ങൾ പുറത്ത്.

ഒരു കേസുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറയാനുണ്ടെന്ന് അറിയിച്ചതിനെ തുടർന്ന് ഭർത്താവിനൊപ്പം സ്റ്റേഷനിലെത്തിയപ്പോൾ സ്ത്രീയെന്ന പരിഗണനപോലും നൽകാതെ മോശം ഭാഷാ പ്രയോഗങ്ങൾപ്പെടെ നടത്തിയെന്നു കാണിച്ച് സ്ത്രീ മനുഷ്യാവകാശ കമ്മീഷന് പരാതി നൽകിയിരുന്നു. അന്ന് ഇവർതന്നെ മൊബൈൽ ഫോണിൽ പകർത്തിയ ദൃശ്യങ്ങളാണ് ഇപ്പോൾ പുറത്തു വിട്ടിരിക്കുന്നത്.

ആരോപണ വിധേയർക്കും നിയമപരമായി ലഭിക്കേണ്ട അവകാശങ്ങളെക്കുറിച്ചു ചൂണ്ടിക്കാട്ടിയ സ്ത്രീയോട് ഭരണഘടന നീ എന്നെ പഠിപ്പിക്കേണ്ടതില്ലെന്നും വീട്ടിൽ പോയിരിക്കാൻ വിനോടു പറഞ്ഞാൽ മതിയെന്നും ആക്രോശിക്കുന്നതാണ് ദൃശ്യങ്ങളിലുള്ളത്.

തനിക്കെതിരേ ശ്രീജിത്ത് കൊടേരി അന്യായമായി കേസെടുത്തെന്നും തനിക്കു പറയാനുള്ളത് കേൾക്കാൻ തയാറായില്ലെന്നും മോശമായി പെരുമാറിയെന്നും കാണിച്ച് യുവതി മനുഷ്യാവകാശ കമ്മീഷന് നൽകിയ കേസിൽ കമ്മീഷൻ അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്.

ഡിവൈനിൽ ആന്തരികസൗഖ്യ ധ്യാനം

മുരിങ്ങൂർ: ഡിവൈൻ ധ്യാനകേന്ദ്രത്തിൽ ഏഴു മുതൽ ഒമ്പതു വരെ പ്രത്യേക ആന്തരികസൗഖ്യധ്യാനം നടക്കുമെന്ന് ഡയറക്ടർ ഫാദർ ജോർജ് പനക്കൽ അറിയിച്ചു. ആദ്യം ബുക്ക് ചെയ്യുന്ന 150 പേർക്കാണു പ്രവേശനം. ബുക്കിംഗ് നമ്പർ: 9447785-548, 9496167557.

മോദിയുടെ പേരിൽ ക്ഷേത്രം നിർമിക്കുന്നു

പാറ്റ്ന: ബിഹാറിലെ ട്രാൻസ്ജൻഡർ വെൽഫെയർ ബോർഡ് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പേരിൽ ക്ഷേത്രം നിർമിക്കുന്നു. ട്രാൻസ്ജൻഡർ സമൂഹത്തിനു നൽകിയ അവകാശങ്ങളും ആദരവും പരിഗണിച്ചാണ് അദ്ദേഹത്തിന്റെ പേരിൽ ക്ഷേത്രം നിർമിക്കുന്നതെന്ന് ബോർഡ് അംഗം രേഷ്മ പ്രസാദ് മാധ്യമങ്ങളോടു പറഞ്ഞു.

ബിഹാറിലെ ട്രാൻസ്ജൻഡർ സമൂഹത്തിന് ഇന്നോളം സ്വന്തമായി ഒരു ക്ഷേത്രം ഉണ്ടായിരുന്നില്ല. അതുകൊണ്ടാണ് തങ്ങളുടെ അവകാശങ്ങൾക്ക് അംഗീകാരം നൽകിയ മോദിക്കു വേണ്ടി ഒരു ക്ഷേത്രം നിർമിക്കുമെന്ന് ബോർഡിന്റെ പ്രഥമ യോഗത്തിൽ താൻ നിർദേശം വച്ചത്. എല്ലാ അംഗങ്ങളും ഇതിനെ പിന്തുണച്ചതോടെ ബോർഡ് ഇതിന് അംഗീകാരം നൽകിയതായും രഞ്ജൻ സിംഗ് വ്യക്തമാക്കി.

പിഎസ്‌സി പരീക്ഷാ തട്ടിപ്പ്: ക്രൈംബ്രാഞ്ച് കേസ് രജിസ്റ്റർ ചെയ്തു

എഫ്ഐആർ രജിസ്റ്റർ ചെയ്തത് ആസൂത്രണ ബോർഡ് ചീഫ് തസ്തികയിലേക്കുള്ള പരീക്ഷാ ക്രമക്കേടിൽ.

തിരുവനന്തപുരം: പിഎസ്‌സി പരീക്ഷാ തട്ടിപ്പ് കേസിൽ ക്രൈംബ്രാഞ്ച് കേസ് രജിസ്റ്റർ ചെയ്തു. ആസൂത്രണ ബോർഡ് ചീഫ് തസ്തികയിലേക്കുള്ള പരീക്ഷാ ക്രമക്കേടിലാണ് പ്രത്യേക അന്വേഷണ സംഘം പ്രാഥമിക അന്വേഷണം നടത്തി എഫ്ഐആർ രജിസ്റ്റർ ചെയ്തത്. എന്നാൽ, എഫ്ഐആറിൽ ആരുടെയും പേര് രേഖപ്പെടുത്തിയിട്ടില്ല. പിഎസ്‌സി ഉദ്യോഗസ്ഥർ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആസൂത്രണ ബോർഡ് നിയമനത്തിലെ ക്രമക്കേടിനു വഴിവിട്ട സഹായങ്ങൾ നൽകിയ രണ്ട് ഉന്നത ഉദ്യോഗസ്ഥരെ അന്വേഷണ സംഘം തിരിച്ചറിഞ്ഞിട്ടുണ്ട്. ഇവരെ ഔദ്യോഗികമായി പ്രതിപ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി അന്വേഷണ സംഘം കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കുമെന്നാണ് വിവരം.

ആസൂത്രണ ബോർഡ് തസ്തികയിലേക്കു നടന്ന പരീക്ഷയുടെ മൂല്യനിർണയവുമായി ബന്ധപ്പെട്ട് കഴിഞ്ഞ ദിവസം മൂന്ന് ഉദ്യോഗസ്ഥരുടെ മൊഴി എസ്ഐടി രേഖപ്പെടുത്തിയിരുന്നു. ഡെപ്യൂട്ടി സെക്രട്ടറി, ജൂണിയർ സൂപ്രണ്ട്, സിസ്റ്റം അനലിസ്റ്റ് എന്നിവരുടെ മൊഴിയാണ് രേഖപ്പെടുത്തിയത്. ക്രൈം ബ്രാഞ്ച് മേധാവി എച്ച്. വെങ്കിടേഷിന്റെ മേൽനോട്ടത്തിൽ സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം ഐജി അജിതാ ബീഗത്തിന്റെ നേതൃത്വത്തിലുള്ള മൂന്നംഗ സംഘമാണ് കേസ് അന്വേഷിക്കുന്നത്.

നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്

സ്വകാര്യമേഖലയിലെ ശമ്പള വരുമാനം ഒഴിവാക്കാനാകില്ലെന്ന് ഹൈക്കോടതി

കൊച്ചി: സ്വകാര്യമേഖലയിൽ ജോലി ചെയ്യുന്നവരുടെ ശമ്പളവരുമാനം നോൺക്രീമിലെയർ വരുമാനപരിധി നിശ്ചയിക്കുമ്പോൾ ഒഴിവാക്കാനാകില്ലെന്ന് ഹൈക്കോടതി. ശമ്പളവരുമാനവും കാർഷികവരുമാനവും കൂട്ടിച്ചേർത്തു പരിഗണിക്കരുതെന്ന സർക്കാർ നിബന്ധനയുടെ ലക്ഷ്യം ശമ്പളവരുമാനം പൂർണമായും ഒഴിവാക്കണമെന്നല്ല. രണ്ടുതരം വരുമാനങ്ങളും വെവ്വേറെ കണക്കാക്കണമെന്നാണെന്നും ജസ്റ്റീസ് ബെച്ചു കുര്യൻ തോമസ് വ്യക്തമാക്കി.

പ്രഫഷണൽ കോഴ്സുകളിലെ പ്രവേശനത്തിനു സംവരണത്തിനായി നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് അനുവദിക്കണമെന്നാവശ്യപ്പെട്ട് ഹൈദരാബാദിലെ സ്വകാര്യ കമ്പനിയിലെ സീനിയർ വൈസ് പ്രസിഡന്റിന്റെ മകളും യുകെയിലെ ബാർക്ലേയ്സ് ബാങ്കിൽ ലീഡ് സൊല്യൂഷൻ ആർക്കിടെക്ടുമായ പ്രവാസിയുടെ മകനും നൽകിയ ഹർജികൾ തള്ളിയാണ് കോടതി യുടെ നിരീക്ഷണം.

പ്രതിവർഷം 1.12 കോടി രൂപയിലധികം വാർഷിക ശമ്പളവരുമാനവും ആഡംബര കാറുകളും ഫ്ലാറ്റുകളും ആദ്യ ഹർജിക്കാരന്റെ പിതാവിനു സ്വന്തമായുണ്ടെന്നും 33 ലക്ഷം രൂപയാണു രണ്ടാം ഹർജിക്കാരന്റെ പിതാവിന്റെ വാർഷികശമ്പളമെന്നും സർക്കാർ വ്യക്തമാക്കി. പിന്നാക്കവിഭാഗങ്ങളിലെ അർഹരായവർക്കു സംവരണ ആനുകൂല്യം ഉറപ്പാക്കാനാണ് ക്രീമിലെയർ പരിധി നിശ്ചയിച്ചിട്ടുള്ളതെന്നും ഉയർന്ന വരുമാനമുള്ളവരെ ഇതിൽ ഉൾപ്പെടുത്തുന്നത് ഭരണഘടനാപരമായ തുല്യനീതിക്കു വിരുദ്ധമാണെന്നും വിലയിരുത്തിയ കോടതി ഹർജിക്കാർക്കു നിലവിലെ മാനദണ്ഡപ്രകാരം നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റിന് അർഹതയില്ലെന്നു വ്യക്തമാക്കി.

സ്വകാര്യമേഖലയിലെ ഉയർന്ന ഉദ്യോഗസ്ഥരെ ക്രീമിലെയർ പരിധിയിൽനിന്ന് ഒഴിവാക്കുന്നത് അർഹരായ മറ്റു പിന്നാക്ക വിഭാഗക്കാരുടെ അവസരം നഷ്ടപ്പെടുത്തുമെന്നും കോടതി ചൂണ്ടിക്കാട്ടി.

തായ്‌ലൻഡ് ഹൈബ്രിഡ് കഞ്ചാവിന്റെ വില്പന നിയന്ത്രിക്കുന്നത് മലയാളി

ആലുവ: തായ്‌ലൻഡിൽനിന്നെത്തിക്കുന്ന ഹൈബ്രിഡ് കഞ്ചാവിന്റെ വില്പനയും വിതരണവും നിയന്ത്രിക്കുന്നത് മലയാളിയെന്ന് പോലീസ്. സ്വർണക്കടത്ത് രംഗത്തെ പ്രമുഖനായ കോഴിക്കോട് ബാലുശേരി സ്വദേശി മാർക്കോ എന്ന ജെയ്‌സൺ (39) ആണ് കേരളത്തിലെ മയക്കുമരുന്നു വിതരണത്തിന്റെ ചുക്കാൻ പിടിക്കുന്നതെന്ന് റൂറൽ ജില്ലാ പോലീസ് മേധാവി കെ.എസ്. സുദർശൻ പറഞ്ഞു.

2021ൽ കേരളം വിട്ട ഇയാളെ തായ്‌ലൻഡിൽനിന്നെത്തിക്കാനുള്ള നിയമ നടപടികൾ ആരംഭിച്ചെന്നും 2021 ജൂൺ 21ന് അഞ്ചു പേരുടെ മരണത്തിൽ കലാശിച്ച രാമനാട്ടുകര കാറപകടത്തിൽ ഇയാൾക്കും പങ്കുള്ളതായും എസ്പി പറഞ്ഞു. സ്വർണം പൊട്ടിക്കൽ സംഭവത്തിൽ അതിവേഗതയിൽ കാറിൽ സഞ്ചരിച്ച് അപകടത്തിൽപ്പെട്ട അഞ്ചംഗസംഘത്തെ നിയോഗിച്ചത് ജെയ്‌സനാണ്. ഡിവൈഎഫ്ഐ നേതാവ് അർജുൻ ആയങ്കിയുടെ വാഹനം പിന്തുടരുമ്പോഴായിരുന്നു അപകടം. കരിപ്പൂർ വിമാനത്താവളത്തിലേക്ക് ദുബായിൽനിന്ന് സ്വർണം കയറ്റിവിട്ടതും മാർക്കോ എന്ന ജെയ്‌സൺ തന്നെയായിരുന്നു. ഈ സ്വർണം തട്ടിയെടുക്കാനാണ് ആയങ്കിയും സംഘവും എത്തിയത്. എന്നാൽ കാരിയർ ഒറ്റിയതിനാൽ കസ്റ്റംസ് സ്വർണം പിടികൂടുകയായിരുന്നു.

മധ്യപ്രദേശിൽ കോൺഗ്രസ് നേതാവിനെ അജ്ഞാതസംഘം കുത്തിക്കൊന്നു

ഭോപാൽ: മധ്യപ്രദേശിലെ രേവയിൽ കോൺഗ്രസ് പ്രാദേശിക നേതാവിനെ അജ്ഞാതസംഘം കുത്തിക്കൊലപ്പെടുത്തി. പട്ടികവർഗ കോൺഗ്രസിന്റെ രേവ ജില്ലാ പ്രസിഡന്റ് അമിത് കോൾ (36) ആണ് കൊല്ലപ്പെട്ടത്. ചൊവ്വാഴ്ച രാത്രി പത്തോടെ സിവിൽ ലൈൻസ് പോലീസ് സ്റ്റേഷൻ പരിധിയിൽ ശാന്തിവിഹാർ കോളനിക്കു സമീപമാണു സംഭവം.

സുഹൃത്തുക്കളുമായി സംസാരിച്ചുനിൽക്കുകയായിരുന്ന അമിത് കോളിന് നേരേ വാഹനങ്ങളിലെത്തിയ സംഘം ആക്രമണം നടത്തുകയായിരുന്നു. ഉടൻ ആശുപത്രിയിലെത്തിച്ചെങ്കിലും ചികിത്സയിലിരിക്കേ മരിച്ചു. സംഭവത്തിൽ പോലീസ് അന്വേഷണം ഊർജിതമാക്കി.